(തുക കോടിയിൽ)

വർഷം	അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച തുക	പിൻവലിച്ച തുകയുടെ ശതമാനം
2011-12	3906.76	99.5
2012-13	4739.28	97.18
2013-14	5925.42	94.42
2014-15	7453.19	99.28
2015-16	1211.45	15.8

(സി) തദ്ദേശ സ്ഥാപനങ്ങളുടെ വിവിധ അക്കൗണ്ടുകളിലായി ട്രഷറികളിൽ കിടക്കുന്ന മൊത്തം തുക (30-1-2016 വരെ) 42578953473 രൂപയാണ്.

(ഡി) 2016-17 വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലൂടെ മാത്രമേ ഇക്കാര്യം അറിയാൻ കഴിയുകയുള്ളൂ.

കക്കാട് പി.എച്ച്.സി.-ഒ.പി. ബ്ലോക്ക് നിർമ്മാണം

263 (1641) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കാടുകുറ്റി പഞ്ചായത്തിലെ കക്കാട് പി.എച്ച്.സി-ഒ.പി ബ്ലോക്ക് നിർമ്മാണത്തിനായി എം.എൽ.എ. എസ്.ഡി.എഫിൽ നിന്നും 25 ലക്ഷം രൂപ വകയിരുത്തി 2007-ൽ നിർമ്മാണം ആരംഭിച്ചുവെങ്കിലും നാളിതുവരെയായിട്ടും നിർമ്മാണം പൂർത്തീകരിച്ച് ജനങ്ങൾക്ക് തുറന്ന് കൊടുക്കാത്തതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(സി) എങ്കിൽ തടസ്സങ്ങൾ നീക്കി നിർമ്മാണം ഉടൻ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly